# ഊ(യൂ)ടോപിയയിലേക്കുള്ള ഊടുവഴികൾ

*പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, D.Sc., Ph.D.*

കത്തിക്കയറിയ ഓണാവേശം പൊലിയാൻ തുടങ്ങിയിരിക്കുന്നു. കുന്ദലനാടിനെ വെല്ലുന്ന ആഘോഷങ്ങൾ അരങ്ങേറിയ മദ്ധ്യാഹ്നങ്ങളും അപരാഹ്നങ്ങളും സായാഹ്നങ്ങളും ഏഴാം കടലിനക്കരെ അസ്തമിക്കുന്നു. കലാപരിപാടികൾക്കു തിരശ്ശീലയായി. ചെണ്ടയുടെ അസുരതാളം പാണ്ടിമേളത്തിൽ അസുരചക്രവർത്തിക്കു പൂത്താലമിട്ടു. സദ്യയ്ക്കു മുമ്പും പിമ്പുമുള്ള പ്രഭാഷണപ്രബോധനങ്ങൾക്കു വിരാമമായി. ഉത്സവം കഴിഞ്ഞ അമ്പലപ്പറമ്പെന്നു പി. കുഞ്ഞിരാമൻ നായർ പാടിയ പോലെ മനം വീണ്ടും ശൂന്യമാകാൻ തുടങ്ങിയിരിക്കുന്നു. കടുത്ത പേമാരിയിൽ ഓണച്ചന്തയും ഓണച്ചന്തവും നാട്ടിൽ മുങ്ങിമങ്ങിയപ്പോൾ ഇവിടെ ഉഷ്ണകാല പൗർണ്ണമി ഉദിച്ചുനിന്നു.

മലയാളികൾ പൂർണ്ണാർത്ഥത്തിൽ ഓണത്തിന്റെ മുഖ്യസന്ദേശമായ **“എല്ലാരും ഒന്നുപോലെ”** എന്ന ദിവ്യവചനം ജനനം മുതലേ ഉൾക്കൊണ്ടവരാണല്ലോ. രാജവാഴ്ചയും പാരതന്ത്ര്യതേർവാഴ്ചയും അവസാനിച്ചപ്പോൾ സഹസ്രാബ്ദങ്ങളായി മസ്തിഷ്ക്കത്തിൽ മുദ്രണം ചെയ്തുകഴിഞ്ഞിരുന്ന സമത്വവാദപ്പൊരുൾ ബാലറ്റിലൂടെ മൊഴിമാറ്റം നടത്താൻ ശ്രമിച്ചു. അതിന്റെ പിന്നിലെ മനഃശാസ്ത്രം തേടി അധികദൂരം പോകേണ്ടതില്ല.

**“സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം”** എന്ന ആശയം മുറവിളി കൂട്ടി ആഘോഷിച്ച ഫ്രഞ്ചുകാർ സമൂഹത്തെ മാറ്റിമറിക്കുന്നതിനു എത്രയോ മുമ്പ് മാവേലിയിലൂടെ ഈ ദർശനം ആദർശമായി ചേരരാജ്യ മനസ്സാക്ഷിയിൽ ആഴത്തിൽ പതിഞ്ഞിരുന്നു. സമത്വമെന്നത് ഒരു സ്വപ്നമാണെന്നും ഭൂരിഭാഗം സ്വപ്നങ്ങളും സാക്ഷാത്ക്കരിക്കാറില്ലെന്നും അറിഞ്ഞിട്ടും, നികുതി ഏർപ്പെടുത്തിയിട്ടില്ലാത്ത ഓണസന്ദേശ സുന്ദരസ്വപ്നം നാം ഇന്നും താലോലിക്കുന്നു.

1516ൽ സർ തോമസ്സ് മോർ പ്രസിദ്ധീകരിച്ച **“യൂടോപിയ”**യിൽ, അറ്റ്ലാന്റിക്കിലെ ഒരു സങ്കല്പ ദ്വീപിനെ സർവ്വസമത്വ പ്രവേശികയാക്കി പ്രതിപാദിച്ചിരിക്കുന്നു. പ്ലാറ്റോയുടെ **“റിപ്പബ്ളിക്കി”**ലെ സമുദായ വർഗ്ഗീകരണത്തിനു അനുബന്ധമായാണ് ഈ കൃതി ഉടലെടുത്തതെന്ന് പറയപ്പെടുന്നുണ്ട്. പ്ലൂടാർക്കിന്റെ **“സ്പാർടൻ ലൈഫ് അണ്ടർ ലൈക്കർഗസ്”** എന്ന കൃതി മോറിന്റെ ഗ്രന്ഥനിർമ്മാണത്തിനു ആക്കം കൂട്ടിയത്രെ! സമൂഹത്തെ **സ്വർണ്ണ-രജത-വെങ്കല-ആയസ**

തട്ടുകളാക്കിയുള്ള പ്ലേറ്റോയുടെ തരം തിരിവും നമ്മുടെ **ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്ര** വർഗ്ഗവിഭജനവും തമ്മിൽ ആശയപ്പൊരുത്തമുണ്ടെന്നു തോന്നുന്നു. മരണശേഷം യൂടോപിയ സമ്മാനിക്കുന്ന മതസങ്കല്പവും ഭൂമിയിൽ തന്നെ യൂടോപിയ തീർക്കാൻ യത്നിക്കുന്ന ശാസ്ത്രസങ്കല്പവും മനുഷ്യസൃഷ്ടിയുടെ മുൻപിൻ വശങ്ങളുടെ (ആന്തരചേതനയുടേയും ഭൗതികശരീരത്തിന്റേയും) പ്രതീകാത്മകവും പ്രായോഗികവുമായ ബഹിർസ്ഫുരണങ്ങളാണ്. സ്ത്രീസമത്വവാദപ്പൊരുളിന്റെ അടിയൊഴുക്കുകളുടെ ഉത്ഭവവും യൂടോപിയൻ ആശയത്തിന്റെ വൈകിയെത്തിയ അലകളാണ്.

**അപ്പോൾ ചോദ്യമിതാണ്:** യൂടോപിയയിലെ അകത്തളങ്ങളിൽ പ്രവേശിക്കാനും സഞ്ചരിക്കാനുമുള്ള പാസ്പ്പോർട്ടും വിസയും സ്വപ്നത്തിൽ സമ്പാദിക്കാൻ കഴിഞ്ഞ ബുദ്ധിപരതയുടെ അദൃശ്യവാഹിനികൾ നമുക്ക് പൈതൃകമായി ലഭിച്ചിട്ടും അസമത്വവും അനീതിയും ബീജസങ്കലനം ചെയ്യുന്ന മലനാട്ടിൽ മഹാബലിയുടെ തത്ത്വശാസ്ത്രം ഭാഗീകമായെങ്കിലും നിറവേറാൻ സമയവും സന്ദർഭവും കൂട്ടിനു വരുമൊ? മൂല രാഷ്ട്രീയാദർശം കാലഹരണപ്പെട്ടതെന്ന് അതിന്റെ ജന്മദേശം തന്നെ വിളിച്ചുകൂവി ജനങ്ങൾക്കിടയിലുള്ള മതിലുകൾ തകർത്തിട്ടും, സോഷ്യലിസമെന്ന സിദ്ധാന്തം നടപ്പാക്കാൻ പാരമ്പര്യബാദ്ധ്യതയുള്ള നാം മാവേലിയുടെ ഓണസന്ദേശത്തിൽ നിന്ന് എത്ര ദൂരമാണ് സമാന്തരവീഥിയിലൂടെ പ്രയാണം ചെയ്യുന്നത്!

മുതലാളിത്ത രാജ്യങ്ങൾ സാമ്പത്തിക പ്രതിസന്ധികളുടെ മുമ്പിൽ സോഷ്യലിസ്റ്റു നയങ്ങൾ യഥാർത്ഥ നയമോ അടവു നയമോ ആയി കാണിക്ക വെക്കുമ്പോൾ, എല്ലാ ദർശനങ്ങളുടേയും ഒരു **സന്തുലിതാവസ്ഥ** വരുംകാലം സാക്ഷ്യപത്രമാക്കി സമ്മാനിക്കുമോ? അതായത്, വിശാലാർത്ഥത്തിലുള്ള ഇടതുപക്ഷത്തിന്റെ പിന്നോക്കം ചവിട്ടലും (ചീനർ ഉദാഹരണം) വലതാദർശങ്ങളുടെ ഇടത്തോട്ടുള്ള കാൽവെക്കലും (പല രാജ്യങ്ങളും മുന്നിൽ) ആഗോളീകരണത്തിന്റെ ഈ അനഘ വേളയിൽ, കാലാന്തരത്തിൽ ചക്രവാളത്തിൽ തെളിയാനിടയുള്ള ധ്രുവനക്ഷത്രത്തിന്റെ മാർഗ്ഗോപദേശക സൂക്തമായി പരിണമിക്കുമോ? പുതിയ ദാർശനിക വെട്ടം വീശുമോ? ഇതും മറ്റൊരു യൂടോപിയയാണോ? എന്തായാലും ഊ(യൂ)ടോപിയയിലേക്കുള്ള ഊടുവഴികളും പരമോദ്ദിഷ്ടസ്ഥാനമായ സമത്വസങ്കൽപവും തമ്മിൽ ബന്ധിപ്പിക്കുന്ന പാലങ്ങൾ തീർക്കാൻ പുതിയ ഉരുക്കും പ്ലാസ്റ്റിക് കൂട്ടും ദൂരദർശനം കൈമുതലായുള്ള വാസ്തുശില്പികൾ സംശ്ലേഷണം ചെയ്ത് ഓണസമ്മാനങ്ങളായി നൽകേണ്ടിയിരിക്കുന്നു!

**വാൽക്കഷണം:** ദാനധർമ്മാദികൾ ഒന്നാം ശീലമാക്കിയിട്ടും അവഗണനയുടെ ആഴത്തിൽ ചവുട്ടിത്താഴ്ത്തപ്പെട്ട കർണ്ണന്റെ ഗതി പങ്കിട്ട മഹാബലിയുടെ വിധിവൈപരീത്യം അനുഭവിക്കാൻ വരും തലമുറയെ നാം പഠിപ്പിക്കുമോ? പ്രേരിപ്പിക്കുമോ? ... ചിന്തനീയം!

************************************************************************************